ഇൻഫ്രാസ്ട്രക്ച്ചർ, വേസ്റ്റ് വാട്ടർ ഡിസ്പ്പോസൽ, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാനുണ്ട്. പൂർണ്ണമായ തോതിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറും അധിക തസ്തികകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള തസ്തികകൾ വച്ച് താമസിയാതെ അടുത്ത ദിവസംതന്നെ ആ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള ഐ.പി.കേന്ദ്രം തുറന്നുകൊടുക്കുന്നതാണ്.

V നിയമനിർമ്മാണകാര്യം

മി. സ്പീക്കർ: സമയം വളരെ വൈകിയതുകൊണ്ട് എല്ലാവരും ഒന്ന് സഹകരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സമയത്തിന്റെ ക്രമീകരണത്തിൽ 10.30 മുതൽ 12.30 വരെയാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ സമയം. ഇപ്പോൾ 11.40 ആയി. 12.30 മുതൽ 1.30 വരെ Appropriation Bill എടുക്കണമെങ്കിൽ നമുക്ക് waive ചെയ്യാം.

മി. സ്പീക്കർ: എല്ലാവരും സഹകരിച്ച് പെട്ടെന്ന് തീർക്കുക. ഇതിൽ വിയോജനക്കുറിപ്പൊന്നുമില്ല. പ്രസംഗം കുറച്ച് കൺട്രോൾ ചെയ്താൽ മതി.

I സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും:

(1) 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇതിൽ വിയോജനക്കുറിപ്പില്ല.

ശ്രീ. എ. കെ. ബാലൻ: ഒരു ക്രമപ്രശ്നമുണ്ട്. ഓർഡിനൻസിന്റെ ഭാഗമായിട്ടാണ് ഈ മൂന്ന് ബില്ലുകളും ഭേദഗതി ചെയ്യപ്പെടുന്നത്. ഞാൻ dissent കൊടുത്തിട്ടുണ്ട്. 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവയുടെ ഭാഗമായിട്ടാണ് dissent കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: അതിന്റെ ചർച്ച ഉച്ചതിരിഞ്ഞാണ്. അതിനെപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: അത് ഇതുമായി കണക്ട് ചെയ്തിട്ടുള്ളതാണ്. ജനസംഖ്യാവർദ്ധനവുമായി ബന്ധപ്പെട്ടുകൊണ്ട് വാർഡുകളുടെ എണ്ണം കൂടുകയാണ്. വാർഡുകളുടെ എണ്ണം കൂടുമ്പോൾ സ്വാഭാവികമായും delimitation വരികയാണ്. അപ്പോൾ ഇതുരണ്ടുംകൂടി ക്ലബ് ചെയ്ത് പറയാനുള്ള അവസരം എനിക്ക് തരണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ: ഉച്ചയ്ക്കുശേഷം സംസാരിക്കുമ്പോൾ അങ്ങയുടെ ഭേദഗതി അവതരിപ്പിച്ചാൽ പോരേ?

ശ്രീ. എ. കെ. ബാലൻ : രണ്ട് മിനിറ്റ് വേണം. ഇതിൽ ഒരു ക്രമപ്രശ്നമുണ്ട്. വാർഡുകളുടെ എണ്ണം കൂട്ടുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ, 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിന്റെ ഭാഗമായി ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് 1,58,35,000 രൂപ ചെലവു വരുമെന്ന് പറഞ്ഞിട്ടുണ്ട്. 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം വാർഡുകളുടെ എണ്ണം ഇതിലും കൂടുന്നുണ്ട്. പക്ഷേ ധനകാര്യ മെമ്മോറാണ്ടത്തിൽ സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ചൊന്നും പറയുന്നില്ല. അപ്പോൾ അത് ഏത് രൂപത്തിലാണ് പൊരുത്തപ്പെട്ടുപോകുക? ധനസംബന്ധമായ ബാദ്ധ്യത ഒന്നിനു വരികയും മറ്റൊന്നിന് വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യം എങ്ങനെയാണ് ഉണ്ടാകുന്നത്? രണ്ടിലും വാർഡുകൾ വർദ്ധിക്കുന്നില്ല. അതിനെ സംബന്ധിച്ച റൂളിംഗ് സ്പീക്കറുടെ ഭാഗത്തുനിന്നുമുണ്ടാകണം.

മി. സ്പീക്കർ: ക്രമപ്രശ്നത്തെക്കുറിച്ച് ഉച്ചകഴിഞ്ഞ് സംസാരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നടപടിക്രമം അനുസരിച്ച് അങ്ങ് പറഞ്ഞപോലെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വിശദമായ ഒരു പ്രസംഗത്തിന് നിൽക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ് ഇവിടെ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു വിശദീകരണത്തിനുവേണ്ടിയാണ് ചോദിക്കുന്നത്. നിങ്ങൾ പഞ്ചായത്ത് ഇലക്ഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? വളരെ പ്രസക്തമായ ഒരു കാര്യം ചോദിക്കുകയാണ്. ഗവൺമെന്റിന്റെ നടപടികൾ പരിശോധിക്കുമ്പോൾ, ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇതുവരെ എടുത്തിട്ടുള്ള നടപടിക്രമങ്ങൾ, ബില്ലും ആക്ടും ചട്ടവുമൊന്നുമല്ല ഞാൻ പറയുന്നത്, പഞ്ചായത്ത് ഇലക്ഷൻ വരുന്ന സെപ്റ്റംബറിൽ നടത്തണമെങ്കിൽ, ഒക്ടോബർ ആദ്യത്തെ ആഴ്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുതിയ സമിതികൾ അധികാരത്തിൽ വരാൻ കഴിയണമെങ്കിൽ എടുക്കേണ്ട നടപടികളൊന്നും ഗവൺമെന്റ് എടുത്തിട്ടില്ല. ഗവൺമെന്റ് ഇതിനകത്ത് ഒരു ഇലക്ഷൻ ഉദ്ദേശിക്കുന്നുണ്ടോ എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് കാര്യങ്ങളെല്ലാം പോകുന്നത്. ഭരണഘടനാപരമായി ഇത് നിലനിൽക്കൊടുക്കാനുള്ള, നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിങ്ങൾക്കു താല്പര്യമുള്ള കമ്മിറ്റികളെ വച്ച്, ആറു മാസം കൂടി നീട്ടിക്കൊണ്ടു പോകാൻ ഗവൺമെന്റിൽ പല തലത്തിലും ചർച്ചകൾ നടക്കുന്നതായ ആക്ഷേപം പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം ഇവിടെ നടത്തുമെന്നുള്ളതുകൊണ്ടാണ് ഇവിടെ പറയുന്നത്. സമിതികളുടെ നമ്പർ കൂടിയിട്ടുണ്ട്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ കുറെക്കൂടി വിപുലമായ അധികാരത്തോടുകൂടി, കൂടുതൽ പ്രദേശങ്ങളെ പ്രതിനിധീകരിക്കേണ്ട ജില്ലാ പഞ്ചായത്തുകളിലൊക്കെ വളരെ കൂടുതൽ നമ്പർ വാർഡുകളുടെ ആവശ്യമുണ്ടോ? ഇന്നുള്ളതു തന്നെ കുറച്ചു കൂടി കുറയ്ക്കുകയല്ലേ വേണ്ടത്? അവർക്ക് കൂടുതൽ അധികാരവും പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുത്ത് ഫലപ്രദമായി ഓരോ ഡിവിഷനിലേയും മെമ്പർമാർക്ക് പ്രവർത്തിച്ചുമുന്നോട്ടുപോകാൻ കഴിയണമെങ്കിൽ, ഏരിയ കൂട്ടിയിട്ട് നമ്പർ കുറയ്ക്കാൻ പറ്റുമെങ്കിൽ അതാലോചിക്കണം. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഈ പറഞ്ഞത് ശരിയാണ്. ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡായി തിരിച്ച് വളരെ മൈനൂട്ടായി, ചെറിയ ചെറിയ കാര്യങ്ങൾ ഉൾപ്പെടെ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ടതുള്ളതുകൊണ്ട് അതിൽ ജനസംഖ്യാനുപാതത്തിന്റെ കാര്യം പറഞ്ഞത് ശരിയാണ്. എന്നാലും ചില പഞ്ചായത്തുകൾക്ക് ഈ പറഞ്ഞ നമ്പറുകൾ താങ്ങുമോ? കാരണം പഞ്ചായത്തിന്റെ തനതുവരുമാനത്തിൽനിന്ന് ചെലവഴിക്കേണ്ടതായ കാര്യങ്ങളുണ്ട്. ഇന്നു തന്നെ പല പഞ്ചായത്തുകളും മൈനസ് ഫണ്ടോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. ദൈനംദിന ചെലവുകൾക്കുപോലും അവർ ബുദ്ധിമുട്ടുകയാണ്. ഈ ചെലവുകളൊക്കെ നിർവ്വഹിക്കുവാൻ പഞ്ചായത്തുകളെ സഹായിച്ചില്ലെങ്കിൽ വളരെ ബുദ്ധിമുട്ടാണ്. ഇത്തരം പഞ്ചായത്തുകളെ സഹായിക്കാൻ കഴിയാതെ, സാമ്പത്തികമായ സപ്പോർട്ടില്ലാതെ കുറെ വാർഡുകൾ കൂട്ടിയതുകൊണ്ടോ ആ രീതിയിലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതുകൊണ്ടോ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. ഇതു സംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം അറിയണം. പഞ്ചായത്ത് ഇലക്ഷൻ സെപ്റ്റംബറിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഈ രീതിയിൽ മുന്നോട്ടുപോയാൽ പോര. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ, യുദ്ധകാലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക ചേർക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോയില്ലെങ്കിൽ, സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പുനടത്താൻ കഴിയില്ല. ജനകീയ സമിതികളെ, അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ സമിതികളെ നിർവീര്യമാക്കുന്ന നടപടികളിലേയ്ക്ക് ഗവൺമെന്റ് പോകുന്നോ എന്നൊരു ആശങ്കയുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം ഇവിടെ പറയണം എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ നിർത്തുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സബ്ജക്ട് കമ്മിറ്റിയിൽ ബിൽ പോയപ്പോഴും ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി സംസാരിച്ചപ്പോഴുമൊക്കെ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യകതയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നാട്ടിൽ ഇപ്പോൾ വലിയൊരു ആശങ്കയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും ആ ആശങ്കയിൽ നിന്ന് പൂർണ്ണമായും മുക്തിനേടാൻ കഴിയുമോ എന്ന് എനിക്ക് സംശയമുണ്ട്. ഭേദഗതി വരുത്തിയ പ്രകാരം വാർഡുകൾ പുനഃക്രമീകരിക്കണമെങ്കിൽ കുറെയേറെ പ്രോസസ്സ് ആവശ്യമായി വരും. ആക്ഷേപം കേൾക്കണം. അതിനുശേഷം അത് ഡിസ്പോസ് ചെയ്യണം. അതിനൊക്കെയുള്ള സമയം ഇനി കിട്ടുമോ? നാട്ടിൽ വലിയ ആശങ്കയുണ്ട്. ഭേദഗതിയോടുകൂടി നിയമം പാസ്സാക്കിയശേഷം ഇപ്പോൾ 10 വാർഡുകളുള്ള പഞ്ചായത്തുകൾ ചുരുങ്ങിയത് 12 വാർഡുകളാകും. ബ്ലോക്കു പഞ്ചായത്തുകളിൽ ചുരുങ്ങിയത് 12 വാർഡുകളാകും. ജില്ലാ പഞ്ചായത്തുകളിലാണെങ്കിൽ ചുരുങ്ങിയത് 16 വാർഡുകൾ എന്നുള്ള നിലയിലാക്കുകയാണ്. വിസ്തൃതമായ പഞ്ചായത്തിന്റെ അല്ലെങ്കിൽ ജില്ലയുടെ അതിർത്തി പുനർനിർണ്ണയിക്കുന്ന ജോലി നാം ഉദ്ദേശിക്കുന്ന രീതിയിൽ അത്ര എളുപ്പത്തിൽ നടക്കുന്ന കാര്യമല്ല. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുമ്പോൾ പഞ്ചായത്ത് രാജ് നഗരപാലികാ നിയമമനുസരിച്ച് ഒക്ടോബർ മാസം 2-ാം തീയതിക്കുമുമ്പ് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച് പുതിയ പഞ്ചായത്ത് ഭരണസമിതികൾ അധികാരത്തിൽ വരേണ്ടതായിട്ടുണ്ട്. അതിന് ആഗസ്റ്റ് മാസമെങ്കിലും തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നാൽ മാത്രമേ സെപ്റ്റംബറിൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയൂ. ആഗസ്റ്റ് മാസത്തിനുമുമ്പ്, ഇനി അവശേഷിക്കുന്ന സമയത്തിനുള്ളിൽ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങളും മറ്റും പൂർത്തീകരിക്കാൻ കഴിയുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ്. ആ ആശങ്ക ദൂരീകരിക്കേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയുടെ കടമയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് ക്ലാരിഫൈ ചെയ്ത് മറുപടി പറയണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു കാര്യം വളരെ ഗൗരവമായി നാം ആലോചിക്കേണ്ടതുണ്ട്. ഞാൻ ഇതിനുമുമ്പും പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. മൂന്നുതലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ എന്ന സങ്കല്പം പഞ്ചായത്ത് രാജ് നഗരപാലികാ നിയമം നിലവിൽ വന്നതോടുകൂടി ഉണ്ടായതാണ്. ഇന്ത്യാ രാജ്യത്ത് വളരെ വിസ്തൃതമായ സംസ്ഥാനങ്ങളുണ്ട്. ആ സംസ്ഥാനങ്ങളെ ഉദ്ദേശിച്ച് കൊണ്ടുവന്ന ഒരു നിയമമെന്നുള്ള നിലയിലാണ് ഈ മൂന്നു തലത്തിലുള്ള പഞ്ചായത്ത് ഭരണ സമിതികൾ അല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വരണമെന്ന് നിയമം കൊണ്ടുവന്നിട്ടുള്ളത്. കേരളം ഒരു ചെറിയ സംസ്ഥാനമാണ്. ഒരു ചെറിയ സംസ്ഥാനത്ത് മൂന്നു തലത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ അപ്രായോഗികരാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇവിടെ ചർച്ച ചെയ്താൽ തീരുന്ന വിഷയമല്ല. കേന്ദ്രത്തിൽത്തന്നെ ഭേദഗതി കൊണ്ടുവരണം. പക്ഷേ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ എം. പി. മാരെ വിളിച്ചുകൂട്ടി ഇക്കാര്യം ഒന്ന് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടണമെന്നാണ്. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ ഒരു ഭേദഗതി കൊണ്ടുവരാൻ കഴിയുമോ എന്ന് ആലോചിക്കണം. നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് എത്ര പണമാണ് അധികമായി ചെലവാക്കുന്നത്? എത്രയോ വലിയ എസ്റ്റാബ്ലിഷ്മെന്റാണ്. ബ്ലോക്ക് പഞ്ചായത്ത് എന്നു പറയുന്ന സംവിധാനത്തിന് വലിയ അധികാരമൊന്നുമില്ല. ഈ പുതിയ ഭേദഗതി അനുസരിച്ച് വീണ്ടും അംഗങ്ങളുടെ എണ്ണം കൂടുകയാണ്. അതനുസരിച്ച് എസ്റ്റാബ്ലിഷ്മെന്റും കൂടും. നമ്മുടെ ധനകാര്യ മെമ്മോറാണ്ടത്തിൽത്തന്നെ ഓരിച്ച

LIBRARY ARCHIVES Kerala Legislative Assembly

തുക ചെലവാക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് വളരെ ഗൗരവപൂർവ്വം ആലോചിക്കണം. പഞ്ചായത്ത് രാജ് നിയമത്തിൽ എത്രയോ ഭേദഗതികൾ കൊണ്ടു വന്നു. 1995-ലെ നിയമമനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അധികാരത്തിൽ വന്നതിനുശേഷം, കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ഭേദഗതികൾ കൊണ്ടുവന്നത് പഞ്ചായത്ത് രാജ് നഗരപാലികാ നിയമങ്ങൾക്കാണ്. ഓരോ നിയമവും കൊണ്ടുവന്ന് നടപ്പിൽ വരുത്തുമ്പോൾ അപ്രായോഗികമാണെന്ന് ബോധ്യപ്പെടുമ്പോഴാണ് അതിന് ഭേദഗതി കൊണ്ടുവരുന്നത്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ബ്ലോക്ക് പഞ്ചായത്ത് എന്ന സംവിധാനം ഈ ഭേദഗതിയിലും പാടില്ല, കേരളത്തിലും പാടില്ല. ബഹുമാന്യനായ മന്ത്രി എം. പി. മാരോട് കേന്ദ്രത്തിൽ ഒരു ഭേദഗതി കൊണ്ടുവരാൻ നിർബന്ധിക്കണം. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന യു. പി. എ. ഗവൺമെന്റ് എല്ലാവരും ചേർന്നുള്ള ഒരു ഗവൺമെന്റാണല്ലോ? അവർക്ക് ഇതിനുകഴിയുമോ എന്നു ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതുപോലെതന്നെ ജില്ലാ പഞ്ചായത്തിന്റെ കാര്യത്തെക്കുറിച്ച് ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു അഭിപ്രായം പറഞ്ഞു. ഇപ്പോൾ വന്നിരിക്കുന്ന ഒരു പ്രത്യേകത ജില്ലാ പഞ്ചായത്തിന്റെ അതിർത്തിയിലുള്ള ഒരു റവന്യൂ ജില്ലയാണല്ലോ ജില്ലാപഞ്ചായത്തിന്റെ അതിർത്തിയായി വരുന്നത്. ആ ജില്ലാ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഒരു മുനിസിപ്പാലിറ്റിയുണ്ടെന്നിരിക്കട്ടെ ആ മുനിസിപ്പാലിറ്റിയുടെ ഒരു ഭാഗം ജില്ലാപഞ്ചായത്തിന്റെ ഒരു ഡിവിഷനുള്ളിൽത്തന്നെ മുനിസിപ്പാലിറ്റിയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള വാർഡുകൾ അതിൽ കയറിവരുന്നു. പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ട്. ഡിവിഷൻ മെമ്പറെ സംബന്ധിച്ച് മാത്രമല്ല ഭരണതലത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളത് പ്രായോഗിക തലത്തിൽ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. വാർഡ് ഡീലിമിറ്റേഷൻ നടക്കുമ്പോൾ അങ്ങനെയുള്ള അപാകതകളൊഴിവാക്കാൻ എന്തെങ്കിലും ക്രമീകരണങ്ങൾ ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഞാൻ മുൻപ് സൂചിപ്പിച്ചത് ഒരിക്കൽക്കൂടി പറയട്ടെ അധികാരവികേന്ദ്രീകരണനിയമമനുസരിച്ച് അധികാരങ്ങൾ കൈമാറിക്കൊടുത്ത് പുതിയ ലോക്കൽ സെൽഫ് ഗവൺമെന്റുകൾ അധികാരത്തിലിരിക്കുമ്പോൾ ആ അധികാരത്തോടൊപ്പംതന്നെ അവർക്ക് അവരുടെ കാര്യങ്ങൾ ഭംഗിയായി നിർവഹിക്കാൻ കൂടി കഴിയണം. വാർഡിന്റെ പുനഃക്രമീകരണത്തിന് കുറെക്കൂടി സമയമെടുക്കുമെന്നാണ് എന്റെ അഭിപ്രായം. ധൃതിപിടിച്ച് ഒന്നും ചെയ്യാൻ കഴിയില്ല. പല പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളുമായൊക്കെ ആശയവിനിമയം നടത്തിയപ്പോൾ തെരഞ്ഞെടുപ്പിന് മുൻപ് കാര്യങ്ങൾ നടക്കുമെന്ന ഒരു വിശ്വാസം ആർക്കുമില്ല. അപ്പോൾ ഈ നിയമം പൈലറ്റ് ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് ഇങ്ങനെയൊരു വിശ്വാസമുണ്ടോ എന്നുള്ളകാര്യത്തിൽ എനിക്ക് ആശങ്കയുണ്ട്.

ശ്രീ. എ. കെ. ബാലൻ : പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പതിനായിരം മുതൽ ഇരുപതിനായിരം വരെയാണ് ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ. അതിൽ exceed ചെയ്യുന്ന 362-ലേറെ പഞ്ചായത്തുകളെ എങ്ങനെയാണ് ജനസംഖ്യ ക്രമീകരിച്ച് വാർഡുകൾ ഡീലിമിറ്റേഷൻ നടത്താൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യത്തിലേയ്ക്കാണ് ഞാനും വരുന്നത്. വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഇപ്പോൾ 21 പഞ്ചായത്തുകൾ വിഭജിക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പായിപ്ര ഗ്രാമപഞ്ചായത്തിൽ 17 വർഡുകളുണ്ട്. 43,000-ജനസംഖ്യയുണ്ട്. പഞ്ചായത്ത് രണ്ടായി വിഭജിക്കണമെന്ന ആവശ്യം വളരെക്കാലം മുൻപേ ഉണ്ടായിരുന്നതാണ്. 1995-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെന്റ് പായിപ്ര ഗ്രാമപഞ്ചായത്തടക്കം കേരളത്തിലെ വിസ്തൃതിയുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഒരു തീരുമാനമെടുത്തു. എന്റെ മണ്ഡലത്തിലെ പായിപ്ര ഗ്രാമപഞ്ചായത്ത് ഡിവൈഡ് ചെയ്ത് മുളവൂർ കേന്ദ്രമാക്കി മറ്റൊരു പഞ്ചായത്ത് രൂപീകരിച്ചു. ജനങ്ങളാകെ സന്തോഷിച്ചു. നിർഭാഗ്യവശാൽ ആരോ കോടതിയിൽ പോയി സ്റ്റേ വാങ്ങി. അതു പോയി. ഇപ്രാവശ്യം 21 പഞ്ചായത്തുകൾ വിഭജിക്കാനുള്ള തീരുമാനം കൈക്കൊണ്ടപ്പോൾ 50,000 ജനസംഖ്യയാണ് ഒരു മാനദണ്ഡമാക്കി വച്ചത്. അത് തെറ്റിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇവിടെ ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചതുപോലെ അതിന് മാനദണ്ഡം സ്വീകരിക്കുമ്പോൾ നിലവിലുള്ള ആക്ടായിരുന്നു മാനദണ്ഡമായി വയ്ക്കേണ്ടത്. ആക്ടിൽ പറയുന്ന പ്രകാരമുള്ള ജനസംഖ്യാനുപാതമായി കാര്യങ്ങൾ പരിശോധിച്ച് വിഭജിച്ചിരുന്നുവെങ്കിൽ വിസ്തൃതിയുള്ള പഞ്ചായത്തുകളൊക്കെ വിഭജിക്കേണ്ടിവരുമായിരുന്നു. അല്ലെങ്കിൽ പത്തോ ഇരുപത്തിയഞ്ചോ പഞ്ചായത്തുകൾ വിഭജിക്കുകയും വിസ്തൃതിയുള്ള പഞ്ചായത്തുകൾ വിഭജിക്കാതെയും വരുമ്പോൾ ഭരണപരമായി വലിയ ബുദ്ധിമുട്ടുവരും. ഇപ്പോൾ 17 വാർഡാണുള്ളത്. അത് 22 വാർഡിനപ്പുറത്തേയ്ക്ക് പോകാൻ പാടില്ല. ഈ ഭേദഗതി വന്നാൽപ്പോലും ഇരുപത്തിരണ്ടിനപ്പുറത്തേയ്ക്ക് പോകാൻ കഴിയില്ല. അത് 22-ൽ നിൽക്കുമോ? അപ്പോൾ ഈ ഭേദഗതി കൊണ്ടുപോലും നാം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. അതുകൂടി കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് നമ്മൾ 21 പഞ്ചായത്തായി ഒതുക്കണ്ട, ഈ ആക്ട് മുഖവിലയ്ക്കെടുത്ത് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊണ്ടുകൊണ്ട് വിസ്തൃതിയുള്ള പഞ്ചായത്തുകളെ ജനസംഖ്യാനുപാതികമായി 50,000 എന്നുള്ളത് മുപ്പതിനായിരമെന്നുള്ള തോതിൽ കണക്കാക്കി 30,000-ത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെക്കൂടി വിഭജിച്ച് പുതിയ പഞ്ചായത്തുകൾക്ക് രൂപം കൊടുക്കണം. എന്തായാലും നാം ഒരു വലിയ പ്രക്രിയ നടത്തുകയല്ലേ? ആ പ്രക്രിയയുടെ കൂടെത്തന്നെ വിഭജനപ്രക്രിയകൂടി നടക്കട്ടെ. അങ്ങനെ കുറ്റമറ്റ വിധത്തിൽ, കുറെക്കൂടി സൗകര്യപ്രദമായ വിധത്തിൽ പഞ്ചായത്തുകളെ പുനർവിഭജനം ചെയ്തു തെരഞ്ഞെടുപ്പിലേയ്ക്ക് പോകാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. വി. ജയരാജൻ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അസംബ്ലി മണ്ഡലം ഡീലിമിറ്റേഷൻ. അതിൽ എടുത്ത പ്രിൻസിപ്പിൾ തന്നെ ജനസംഖ്യയെ ഒട്ടാകെ സീറ്റുകൊണ്ട് ഡിവൈഡ് ചെയ്ത് ഓരോ മണ്ഡലത്തിലേയും ജനസംഖ്യ എത്രയെന്ന് കാൽക്കുലേറ്റ് ചെയ്തുകൊണ്ടുള്ളതാണ്. യഥാർത്ഥത്തിൽ അങ്ങ് പറയുന്ന തത്വം അംഗീകരിച്ചാൽത്തന്നെ കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും

ബാധകമാക്കാതെ അങ്ങ് പറഞ്ഞ നിർദ്ദേശം ഈ ബില്ലിൽ ഉൾപ്പെടുത്തിയാൽത്തന്നെ അധികസംഖ്യയുള്ള പഞ്ചായത്ത് വേറെയാകും. അപ്പോൾ അത്തരത്തിലുള്ള ഒരു പ്രൊപ്പോസലല്ലേ ഏറ്റവും നല്ലത്?

ശ്രീ. ജോണി നെല്ലൂർ : ഞാൻ പറഞ്ഞ കാര്യം തന്നെ ശ്രീ. എം. വി. ജയരാജൻ വേറൊരുരീതിയിൽ പറഞ്ഞതാണ്. അതാണ് ഞാനും പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ഒന്ന് മനസ്സിരുത്തണം. കഴിയുമോയെന്ന് പരിശോധിക്കണം. ഏതായാലും ഒരു ഭേദഗതി കൊണ്ടുവരികയാണ്.

ശ്രീ. കെ. മുഹമ്മദാലി : വലിയ പഞ്ചായത്തുകൾ ഉണ്ടല്ലോ. ശാസ്ത്രീയമായി വിഭജിക്കുകയെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇവിടെ ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ നിയമസഭാ മണ്ഡലം പുനർനിർണ്ണയം നടക്കുന്നു. അതിനെടുക്കുന്ന മാനദണ്ഡം ജനസംഖ്യയാണ്. ആ നിലയിൽ പൊതുവായ ഒരു നയം സ്വീകരിച്ചുകൊണ്ട് പഞ്ചായത്ത് ഡീലിമിറ്റ് ചെയ്യേണ്ടതല്ലേ പ്രധാനമായിട്ടുള്ളത്. വാർഡ് പിന്നെയല്ലേ വരുന്നുള്ളൂ?

ശ്രീ. ജോണി നെല്ലൂർ : ഇത് ഒന്നുകൂടി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം; ഇത് ഗൗരവതരമായി ചർച്ച ചെയ്യണം എന്നതുകൊണ്ടുതന്നെയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നത്. ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ ഉടൻതന്നെ മറ്റൊരു ഭേദഗതിയിലേയ്ക്ക് പോകാതിരിക്കാൻ പഞ്ചായത്തുകളെ ശാസ്ത്രീയമായി ജനസംഖ്യാനുപാതികമായി ഡിവൈഡ് ചെയ്ത് ഒരു സിസ്റ്റമുണ്ടാക്കിയശേഷം ശ്രീ. കെ. മുഹമ്മദാലി സൂചിപ്പിച്ചതുപോലെ വർഡുകൾ ഡീലിമിറ്റ് ചെയ്തുകൊണ്ട് വിഭജിച്ച് കൂറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പിലേയ്ക്ക് പോകാനുള്ള സാഹചര്യമൊരുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പൊതുവായിട്ടുള്ള ആശങ്കയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത്. ഈ നിലയിൽപോയാൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമോയെന്നുള്ളതാണ്. ഗവൺമെന്റിന് നല്ല ആത്മവിശ്വാസമുണ്ട്. സെപ്റ്റംബർ മാസത്തിൽത്തന്നെ തെരഞ്ഞെടുപ്പ് നടത്താൻ കഴിയണമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പോകുന്നത്. ഇപ്പോൾ 2005-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ Electoral Roll പുതുക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ കാര്യങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. ഡീലിമിറ്റ് ചെയ്യുന്നതിന് കമ്മീഷനെ നിയമിക്കാൻ ഇന്ന് ഉച്ചയ്ക്കുശേഷം നിയമം പാസ്സാക്കുന്നുണ്ട്. കൂടാതെ വാർഡുകളുടെ ജനസംഖ്യ മിനിമം ആന്റ് മാക്സിമം തീരുമാനിക്കാനുള്ള നിയമവും പാസ്സാക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഷെഡ്യൂൾ പ്രകാരം വോട്ടേഴ്സ് ലിസ്റ്റിന്റെ പുനഃപരിശോധനയും വാർഡ് വിഭജന പ്രക്രിയയും ജൂലൈ മാസത്തോടുകൂടിത്തന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും സെപ്റ്റംബർ മാസത്തിൽ ഇലക്ഷൻ നടത്താൻ കഴിയുമെന്ന കാര്യത്തിൽ ഗവൺമെന്റിന് നിശ്ചയദാർഢ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ : ഇപ്പോൾ പലയിടത്തും ഒരു പഞ്ചായത്തിൽ രണ്ട് വില്ലേജുകളുണ്ട്. അപ്പോൾ വില്ലേജടിസ്ഥാനത്തിൽ ആ പഞ്ചായത്തിനെ ആക്കിക്കൂടെ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതിൽ ഒരു പ്രശ്നം വരും. ഇവിടെ ചില ആളുകൾ ഡീലിമിറ്റേഷന്റെ കാര്യങ്ങൾ പറഞ്ഞു. അസംബ്ളിയിൽ ഈ ബില്ലിൽ ചർച്ച ചെയ്യുന്ന പോയിന്റ് മിനിമം എത്ര വാർഡ് മാക്സിമം എത്ര വാർഡ് എന്നതേയുള്ളു. ഇവിടെ പറഞ്ഞതുപോലെ കൃത്യം പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ മാത്രം കേരളത്തിലെ ജനസംഖ്യയെ പഞ്ചായത്തുകൊണ്ട് ഹരിക്കുകയെന്നു പറയുന്നത് അത്ര കണിശമായി ചെയ്യാൻ പറ്റുകയില്ല. അസംബ്ളി ഡീലിമിറ്റേഷനിൽത്തന്നെ വ്യത്യസ്തമായ മാനദണ്ഡങ്ങളുണ്ട്. Population, density of population, geographical situation and administrative convenience ഇതെല്ലാം ഇതിൽ ഘടകങ്ങളാണ്. ഇതെല്ലാം വച്ചുകൊണ്ടുള്ള ഒരു തീരുമാനമേ എടുക്കാൻ പറ്റുകയുള്ളു. ഡീലിമിറ്റേഷൻ കമ്മീഷൻ ഈ കാര്യങ്ങൾ ശാസ്ത്രീയമായ വ്യക്തമായ മാനദണ്ഡം വച്ചുകൊണ്ട് ചെയ്യും. അല്ലാതെ ഇഷ്ടംപോലെ ചെയ്യുകയില്ല. പിന്നെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങളെന്നുപറയുന്നത് സാമ്പത്തിക സഹായമൊക്കെയാണ്. പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായമൊക്കെ സ്വാഭാവികമായും വർദ്ധിപ്പിച്ച് കൊടുക്കേണ്ടിവരും. അതിന്റെ ഡീറ്റെയിൽസിലേയ്ക്കൊന്നും പോകുന്നില്ല. ഈ ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതിനേക്കാൾ വ്യത്യസ്തമായി സാമ്പത്തിക സഹായങ്ങൾ കൊടുത്തിട്ടുണ്ട്. അത് ഇതുമായി പറയേണ്ട കാര്യമല്ല. സെപ്റ്റംബർ മാസത്തിൽത്തന്നെ തെരഞ്ഞെടുപ്പ് നടത്തും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ജൂലൈ മാസത്തോടെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുമെന്നാണ് പറഞ്ഞത്. വോട്ടേഴ്സ് ലിസ്റ്റ് പുതുക്കൽ എല്ലാ കാര്യങ്ങളും ജൂലൈ മാസത്തിനുള്ളിൽ തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷം മുൻപ് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഫെബ്രുവരി മാസത്തോടുകൂടി എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടാണ് സെപ്റ്റംബർ മാസത്തിൽ ഇലക്ഷൻ നടത്താൻ സാധിച്ചത്. ഇപ്പോൾ ഇതുവരെയും അതിന്റെ കാര്യങ്ങൾ ആയിട്ടില്ലെന്നുള്ളതുകൊണ്ട് ഇതെങ്ങനെ നടക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടിവരും. കാര്യങ്ങൾ നന്നായി നടക്കും. ഞങ്ങൾക്ക് അങ്ങനെയൊരു ഇച്ഛാശക്തിയുണ്ട്.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ ശ്രദ്ധിച്ചു. ഡീലിമിറ്റേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണ് വരുന്നത്. ഇവിടെ ഇലക്ഷൻ കമ്മീഷൻ ഗവൺമെന്റിന് മുൻപിൽ സമർപ്പിച്ച ചില പ്രൊപ്പോസലുകൾ ഉണ്ട്. ഉദാഹരണത്തിന് തൊണ്ണൂറ്റിയൊന്നോളം പഞ്ചായത്തുകൾ നഗര പഞ്ചായത്തുകളായാലേ നമുക്ക് ഈ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ പറ്റുകയുള്ളു. ഇപ്പോൾ നമ്മുടെ മുൻപിൽ 10,000 ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകളുണ്ട്. 51,000 ജനസംഖ്യുള്ള ഗ്രാമപഞ്ചായത്തുകളുണ്ട്. നിങ്ങൾ എങ്ങനെയാണ് ഇതൊക്കെ ക്രമീകരിക്കാൻ പോകുന്നത്. സാമ്പത്തികമായ പ്രശ്നങ്ങളൊന്നും പരിഹരിക്കാൻ പറ്റുകയില്ലെന്നാണ് ഗവൺമെന്റ് ഇപ്പോൾ എടുത്തിട്ടുള്ള നിലപാട്. ഇതെങ്ങനെ ക്രമീകരിക്കാനാണ് പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അമെന്റുമെന്റ് കൊണ്ട് തീരുന്നതല്ല ഈ പ്രശ്നം. ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പൂർണ്ണതയിലെത്താൻ പഞ്ചായത്തിന്റെ പോപ്പുലേഷൻ വിഭജനമടക്കം ചെയ്യേണ്ടതുണ്ട്. അതിലേയ്ക്കൊക്കെ പിന്നീട് പോകാം. ഇതൊരു വലിയ സംഗതിയാണെന്നൊന്നും ഞങ്ങൾ പറയുന്നില്ല. വളരെ ചെറിയ ഒരു സ്കോപ്പ് മാത്രമേ ഈ നിയമത്തിലുള്ളു. ഇപ്പോൾ അതേ ചെയ്യുന്നുള്ളു. വിശദമായി ചർച്ച ചെയ്യേണ്ട ധാരാളം കാര്യങ്ങൾ ഇതിലുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് പറഞ്ഞതിന്റെ അർത്ഥം വ്യക്തമാകും. ഒരു കാര്യം, കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഈ പറയുന്ന നിയമത്തിലെ വ്യവസ്ഥ പ്രകാരം വെട്ടിമുറിക്കുന്നതിന് പകരം മാക്സിമം ഇത്ര, 12.00 Noon മിനിമം ഇത്ര എന്ന രീതിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിൽക്കണം. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തിൽ മാത്രം ഇത് നടപ്പാക്കത്തക്കവിധത്തിൽ പോയാൽ നമുക്ക് സാമ്പത്തിക ബാദ്ധ്യത അധികം വരില്ല. ആ പഞ്ചായത്തുകൾ പ്രത്യേകമായി വിഭജിക്കേണ്ടതായിരിക്കും. അങ്ങനെ കണ്ടിട്ടുള്ള നിയമനിർമ്മാണമല്ലേ കേരളത്തിൽ ഇന്ന് അഭികാമ്യം? ഇതുപ്രകാരം കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും മുറിക്കൽ വേണ്ടിവരും. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : അത് ഈ നിയമത്തിൽ ഡിസ്ക്കസ് ചെയ്യേണ്ട പോയിന്റല്ല. ഗവൺമെന്റ് അതിൽ ചില മാനദണ്ഡങ്ങൾ വച്ചിട്ട് ആ ലിമിറ്റിന് മേലുള്ളത് വിഭജിക്കുക എന്ന് വച്ചുകഴിഞ്ഞാൽ അത് ഈ നിയമത്തിന്റെ സ്കോപ്പിൽ വരുന്നില്ല. അത് വേറെ വിഷയമാണ്.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോണി നെല്ലൂർ : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(88) : 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ)യിൽ "പന്ത്രണ്ടിൽ കുറയാനോ" എന്നതിനു പകരം "പത്തിൽ കുറയാനോ" എന്ന് ചേർക്കുക.

(135) : 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3)-ന് താഴെക്കൊടുക്കുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കേണ്ടതാണ്.

"എന്നാൽ, ഏതെങ്കിലും പഞ്ചായത്തിലെ സംഗതിയിൽ സ്ഥാനങ്ങളുടെ എണ്ണം ആ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള ജനസംഖ്യയുടെ വർദ്ധനവിന് ആനുപാതികം ആയിരിക്കേണ്ടതാണ്."

ശ്രീ. കെ. പി. മോഹനൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(90) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) യിൽ "പന്ത്രണ്ടിൽ" എന്നതിനുപകരം "പതിനൊന്നിൽ" എന്ന് ചേർക്കുക.

(102) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "പന്ത്രണ്ടിൽ" എന്നതിനുപകരം "പതിനഞ്ചിൽ" എന്ന് ചേർക്കുക.

(109) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "ഇരുപത്തിരണ്ടിൽ" എന്നതിനുപകരം "ഇരുപത്തിയഞ്ചിൽ" എന്ന് ചേർക്കുക.

(119) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "പതിനാറിൽ" എന്നതിനുപകരം "പതിനെട്ടിൽ" എന്ന് ചേർക്കുക.

(124) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "മുപ്പത്തിരണ്ടിൽ" എന്നതിനുപകരം "മുപ്പത്തിയഞ്ചിൽ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(97) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ കുറയാനോ ഇരുപത്തിരണ്ടിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പത്തിൽ കുറയാനോ പതിനെട്ടിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കുക.

(110) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "പന്ത്രണ്ടിൽ കുറയാനോ ഇരുപത്തിരണ്ടിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പത്തിൽ കുറയാനോ പതിനെട്ടിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കുക.

(125) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനാറിൽ കുറയാനോ ഇരുപത്തിയെട്ടിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കുക.

(130) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) ന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രായോഗികമാകുന്നിടത്തോളം സംസ്ഥാനത്തൊട്ടാകെ" എന്നതിനു പകരം "പ്രായോഗികമാകുന്നിടത്തോളം ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സംഗതിയിങ്കൽ ജില്ലയിലൊട്ടാകെയും, ജില്ലാ പഞ്ചായത്തിന്റെ സംഗതിയിങ്കൽ സംസ്ഥാനത്തൊട്ടാകെയും" എന്ന വാക്കുകൾ ചേർക്കുക. ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതിനു കാരണം ഇത്തരത്തിൽ ഒരു നിയമ ഭേദഗതിയുടെ ആവശ്യം ഗവൺമെന്റിനില്ല എന്നുള്ളതുകൊണ്ടാണ്. നിലവിലുള്ള നിയമം അനുസരിച്ചുതന്നെ പഞ്ചായത്ത് മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കും. വാർഡുകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ കാര്യത്തിൽ 12-ൽ കുറയാതേയും 22-ൽ കവിയാതേയും എന്നുള്ളതും, ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ 12-ൽ കുറയാതേയും 22-ൽ കവിയാതേയും എന്നുള്ളതും ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 16-ൽ കുറയാതേയും 32-ൽ കവിയാതേയും എന്ന വിധത്തിലുള്ള ഭേദഗതിയാണ് വരുന്നത്. ഈ ഭേദഗതി ഇല്ലാതെ തന്നെ നമുക്ക് ഇലക്ഷൻ നടത്താൻ സാധിക്കും. ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരേണ്ട ഉദ്ദേശമെന്ന് പറയുന്നത് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തും ബ്ലോക്കും അതിന്റെ വാർഡുകൾ മുഴുവനും വെട്ടി മുറിക്കുക എന്നുള്ളതാണ്. ഈ വെട്ടി മുറിക്കുന്നതിന്റെ ഫലമായി സംഭവിക്കാൻ പോകുന്നത് യു. ഡി. എഫിന് ജയിക്കാൻ പാകത്തിൽ വാർഡുകൾ ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്. ഇത് രാഷ്ട്രീയ ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഒരു ഭേദഗതിയാണ്. ഈ ബില്ലിനകത്ത് ദുരുദ്ദേശമുണ്ട്. ഒരു പഞ്ചായത്തിൽ ചുരുങ്ങിയത് പത്ത് എന്ന് വച്ചാൽ എന്താണ് സംഭവിക്കാൻ പോകുന്നത്? അതിനനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ ക്രമീകരിച്ചുകൊണ്ട് ഉണ്ടാക്കിയാൽ മതിയല്ലോ. ജനസംഖ്യ അംഗീകരിച്ചു എന്ന പേര് പറഞ്ഞ് മുഴുവൻ ഗ്രാമ പഞ്ചായത്തിനും മുഴുവൻ ബ്ലോക്ക് പഞ്ചായത്തിനും ഈ സംസ്ഥാനത്തിന്റെ 14 ജില്ലാ പഞ്ചായത്തിന്റെയും അതിർത്തി പുനർവിഭജനം നടത്തുക എന്നുള്ള ഒരു ദുരുദ്ദേശം ഇതിനകത്ത് പതിയിരിക്കുന്നുണ്ട്.

അതുകൊണ്ട് യഥാർത്ഥത്തിൽ ഇലക്ഷൻ നീണ്ടുപോകുന്നതിന് മാത്രമേ ഇത് സഹായകരമാവുകയുള്ളു. മറ്റൊരു പ്രശ്നം ഇതിനകത്ത് 6-ാം വകുപ്പിന്റെ ഭേദഗതിയായി വകുപ്പ് 2-ൽ പറയുന്നത് ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യയും അപ്രകാരമുള്ള പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതായ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം പ്രായോഗികമാകുന്നിടത്തോളം സംസ്ഥാനത്തൊട്ടാകെ ഒന്നു തന്നെയായിരിക്കുന്നു എന്നാണ്. എന്താണ് അതിന്റെ ആവശ്യം? ഞാൻ പറയുന്നത് പ്രായോഗികമാകുന്നിടത്തോളം ഗ്രാമ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും സംഗതിയിൽ ജില്ലയിൽ ഒട്ടാകെയും ജില്ലാ പഞ്ചായത്തിന്റെ സംഗതിയെങ്കിൽ സംസ്ഥാനത്ത് എന്ന് ആക്കിയാൽ പോരെ? ജില്ലാ പഞ്ചായത്തിന്റേത് ആകുമ്പോൾ സംസ്ഥാനത്ത് എല്ലാ ജില്ലാ പഞ്ചായത്തുകളിലും ഒരു ഏകീകരണം വേണം. വ്യത്യസ്തമായ ഘടകങ്ങളാണ് ജില്ലയിലുള്ളത്. ആ ജില്ലയിലെ സ്ഥിതി വച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും ഘടന ജില്ലാ അടിസ്ഥാനത്തിലാക്കിക്കൊണ്ട് ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ പോരേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്? കേന്ദ്ര ഗവൺമെന്റ് വാർഡ് ഡീലിമിറ്റ് ചെയ്ത സന്ദർഭത്തിൽ ഡിവിഷൻ നടത്താൻ എടുത്തിരിക്കുന്ന മാനദണ്ഡം അനുസരിച്ച് സംസ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തിയിട്ടില്ല. കേരളത്തിൽ 20 പാർലമെന്റ് സീറ്റും മാറുന്നില്ല. 140 അസംബ്ലി സീറ്റും മാറുന്നില്ല. ജില്ല ഒരു യൂണിറ്റായിട്ടല്ലേ പരിഗണിക്കുന്നത്? അതുകൊണ്ടാണല്ലോ ചില ജില്ലകളിൽ മാറ്റം വരുന്നത്. മലപ്പുറം ജില്ലയിൽ നാല് സീറ്റുകൾ വർദ്ധിക്കുന്നു. കണ്ണൂർ ജില്ലയിലും വർദ്ധിക്കുന്നു. വർദ്ധിക്കാൻ കാരണം മറ്റ് സ്ഥലത്ത് ജനസംഖ്യ കുറയുന്നു. അപ്പുറത്ത് ജനസംഖ്യ കൂടി എന്ന് പറഞ്ഞിട്ടാണ് ആ ജില്ലയിൽ സീറ്റ് വർദ്ധിക്കുന്നത്. അപ്പോൾ സംസ്ഥാനത്തെയാണ് ഒരു ഘടകമായിട്ട് കൈക്കൊണ്ടിരിക്കുന്നത്. നമ്മുടെ ജില്ല വിഭജിക്കുമ്പോൾ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ അടിസ്ഥാനത്തിൽ എടുത്താൽ മതി. ജില്ലാ പഞ്ചായത്ത് നോക്കുമ്പോൾ സംസ്ഥാനത്ത് യൂണിഫോമിറ്റി വേണം. ഇത് അതിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്ത് ഒട്ടാകെയും എന്ന് പറയുന്നതിന്റെ ഫലമായി ഗ്രാമ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും എല്ലാം കൈവയ്ക്കാനുള്ള ഒരു മുരുദ്ദേശമാണ്. പെട്ടെന്ന് കേൾക്കുമ്പോൾ നമുക്ക് തോന്നും ഇത് ഒരു നല്ല കാര്യമാണെന്ന്. ജനസംഖ്യ വർദ്ധിക്കുന്നില്ലേ എന്ന് തോന്നും. ഗ്രാമ പഞ്ചായത്ത് മുഴുവനും വെട്ടി മുറിക്കണം. അതാണ് ഉദ്ദേശം. അതുകൊണ്ടാണ് ഡീലിമിറ്റേഷൻ കമ്മിറ്റിയിൽ ആരോഗ്യ വകുപ്പു സെക്രട്ടറിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡീലിമിറ്റേഷൻ കമ്മിറ്റിയിൽ എന്തിനാണ് ആരോഗ്യ വകുപ്പു സെക്രട്ടറി? ഈ കമ്മിറ്റി ഓപ്പറേഷൻ നടത്താനാണോ വച്ചിരിക്കുന്നത്? ഇവിടെ കൊണ്ടുവന്നിരിക്കുന്ന എല്ലാ ഭേദഗതിയും ദുരുദ്ദേശത്തോടുകൂടി ആണെന്നതുകൊണ്ട് നമ്മുടെ സമയം നഷ്ടപ്പെടുത്താനാണ് ഈ ബിൽ തന്നെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതികളെല്ലാം തന്നെ ഗവൺമെന്റ് പിൻവലിച്ചുപോകണം. നിലവിലുള്ള നിയമം അനുസരിച്ചു കൊണ്ടുതന്നെ സെപ്റ്റംബറിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തണം എന്ന് തന്നെയാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(99) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ" എന്നതിനുപകരം "പത്തിൽ" എന്നും "ഇരുപത്തിരണ്ടിൽ" എന്നതിനുപകരം "ഇരുപതിൽ" എന്നും ഭേദഗതി ചെയ്യുക.

(112) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "പന്ത്രണ്ടിൽ" എന്നതിനുപകരം "പത്തിൽ" എന്നും "ഇരുപത്തിരണ്ടിൽ" എന്നതിനുപകരം "ഇരുപതും" എന്നും ചേർക്കുക.

(127) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "പതിനാറിൽ" എന്നതിനുപകരം "പതിനഞ്ച്" എന്നും "മുപ്പത്തിരണ്ടിൽ" എന്നതിനുപകരം "മുപ്പത്" എന്നും ഭേദഗതി ചെയ്യുക.

(133) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) ലെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപറയുന്ന നിബന്ധന കൂടി ചേർക്കുക.

"ഭൂമിശാസ്ത്രപരമായി വലിയ പഞ്ചായത്തുകളിൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് വാർഡുകൾ രൂപീകരിക്കാൻ പ്രത്യേക അധികാരം ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ശുപാർശ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും."

മന്ത്രി നേരത്തെ മറുപടി പറഞ്ഞപ്പോൾ ഒന്നു വിശദീകരിക്കേണ്ടതായിരുന്നു. അതായത്, അഞ്ച് കൊല്ലം മുമ്പാണെല്ലാ വാർഡുകൾ നിശ്ചയിച്ചത്. അന്ന് ആ നിയമത്തിന്റെ ഭാഗമായി വന്നതാണ്. വനിതാ വാർഡ്, എസ്.സി./എസ്.ടി., റിസർവേഷൻ വാർഡ്, എസ്.സി.യിൽ തന്നെ വനിതാ പഞ്ചായത്ത് പ്രസിഡന്റ് ഈ രീതിയിൽ ഭേദഗതി വരുത്തിയതാണ്. അതുപ്രകാരം പുതിയ വാർഡുകൾ വരുമ്പോൾ റിസർവേഷന്റെ കാര്യത്തിൽ എങ്ങനെയാണ് തീരുമാനം എടുക്കാൻ കഴിയുക? വനിതാ റിസർവേഷനും എസ്.സി./ എസ്.ടി. റിസർവേഷനൊക്കെ നമ്മൾ ആനുപാതികമായി മാറ്റിയതാണ്. ഇത്തവണ വനിതാ വാർഡാണെങ്കിൽ അടുത്ത പ്രാവശ്യം ആ വാർഡ് ജനറലാകും. ഇത്തവണ എസ്.സി./എസ്.ടി. വാർഡാണെങ്കിൽ അടുത്ത തവണ അത് ജനറലാകും. ഇത് മാറി ഇനി വാർഡുകൾ സ്ഥിരമായി റിസർവേഷനിലേയ്ക്ക് വരുന്ന രീതിയിലേയ്ക്ക് വരില്ലേ? അതുകൊണ്ട് അതിനെക്കുറിച്ച് ഒരു വിശദീകരണംകൂടി ആവശ്യമാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(100) : 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "പന്ത്രണ്ടിൽ" എന്നതിനുപകരം "പത്തിൽ" എന്ന് ചേർക്കുക.

ഭേദഗതി (132) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) ലെ ക്ലിപ്ത നിബന്ധനയിൽ "ഒന്നുതന്നെയായിരിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "ഒന്നുതന്നെയായിരിക്കേണ്ടതും പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെടേണ്ട

സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് പഞ്ചായത്തിലെ ജനസംഖ്യയുടെ വർദ്ധനവിന് ആനുപാതികമായിരിക്കേണ്ടതും ജനസംഖ്യയിൽ ആനുപാതിക വർദ്ധനവ് ഇല്ലാത്ത പ്രദേശങ്ങളിൽ നിലവിലുള്ള സ്ഥിതി തുടരേണ്ടതും ആണ്."

ഇതിനെക്കുറിച്ച് ഇവിടെ ധാരാളം ഡിബേറ്റ് ചെയ്തു. അതുകൊണ്ട് മിനിമം 10 എന്നുള്ളത് അതേപോലെ നിലനിർത്തണം എന്നതാണ് എന്റെ 100-ാമത്തെ ഭേദഗതി. 132-ാമത്തേത്, നിലവിലുള്ള ജനസംഖ്യ ആനുപാതികമായ വർദ്ധനവ് ഉള്ളിടത്ത് അത് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കണം. ആനുപാതികമായ വർദ്ധനവ് ജനസംഖ്യയിൽ ഇല്ലാത്തപ്രദേശങ്ങളിൽ നിലവിലുള്ള സ്ഥിതി അതേപോലെ തന്നെ വേണം എന്നുള്ളതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(113) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (ബി) യിൽ "പന്ത്രണ്ടിൽ കുറയാനോ ഇരുപത്തിരണ്ടിൽ കവിയാനോ" എന്നതിനുപകരം "പതിനൊന്നിൽ കുറയാനോ പതിനേഴിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(120) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "പതിനാറിൽ" എന്ന വാക്കിനുപകരം "ഇരുപതിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(122) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ "പതിനാറിൽ" എന്ന വാക്കിനുപകരം "ഇരുപതിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(128) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (സി) യിൽ താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക.

"(സി) ഒരു ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ പതിനഞ്ചിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ പാടുള്ളതല്ല."

ശ്രീ. രാജു എബ്രഹാം : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(89) : 2-ാം ഖണ്ഡ പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ കുറയാനോ" എന്നതിനുപകരം "പത്തിൽ കുറയാനോ" എന്ന് ചേർക്കുക.

ശ്രീ. നാലകത്ത് സൂപ്പി : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(92) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ" എന്ന വാക്കിനു പകരം "പതിനഞ്ചിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി (93) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ" എന്ന വാക്കിനു പകരം "പതിനഞ്ചിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(94) : ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) (എ) യിൽ "പന്ത്രണ്ടിൽ" എന്ന വാക്കിനു പകരം "പതിനഞ്ചിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ചതുപോലെ വലിയ ആശങ്കയാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. ഈ ബിൽ ഇവിടെ ഇങ്ങനെ കൊണ്ടുവരുമ്പോൾ ഇതിനകത്ത് തെരഞ്ഞെടുപ്പ് സമയത്ത് നടക്കും എന്ന കാര്യത്തിൽ യാതൊരു ഉറപ്പും പറയാൻ ഗവൺമെന്റ് ഭാഗത്ത് നിന്നും കഴിയുന്നില്ല. കാരണം ആറു മാസം കഴിഞ്ഞ് സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കണമെങ്കിൽ പ്രഖ്യാപനം എന്ന് വരണമെന്നുള്ളത് അറിയാം, മൂഴുവൻ വാർഡുകളുടെയും എണ്ണം വർദ്ധിപ്പിക്കുമ്പോൾ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും വാർഡുകൾ പുനർനിശ്ചയിക്കണം. ഇതിനോടനുബന്ധമായി ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡമല്ല നിങ്ങൾ ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അപ്പോൾ ഈ ബില്ലുകൾ രണ്ടും പാസ്സാകുമ്പോൾ, നടപടിക്രമം പൂർത്തീകരിച്ച് എന്നു വരും എന്ന് പറയാൻ കഴിയുമോ? ഞാൻ പറഞ്ഞത് അതുകൊണ്ടുതന്നെ ഇതിൽ പ്രധാനപ്പെട്ട പ്രശ്നം എന്താണെന്നുവച്ചാൽ സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടക്കുന്നില്ല എങ്കിൽ. പിന്നെ ആറു മാസം കൂടി നീണ്ടുപോകും. സെപ്റ്റംബർ കഴിഞ്ഞാൽ പിന്നെ മാർച്ച് മാസം തൊട്ട് അസംബ്ലി തെരഞ്ഞെടുപ്പാണ്. ഇതിന്റെ പിന്നിൽ യു.ഡി.എഫിന്റെ ഒരു ഹിഡൻ അജണ്ട ഉണ്ടെന്നുള്ളത് സത്യമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഈ രൂപത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം ഇന്ന് കേരളത്തിൽ ഉയർന്നുവരുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ്. ആ സത്യം ബോദ്ധ്യപ്പെടാൻ കഴിയണം. ഈ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പ് കൃത്യസമയത്ത് നടപ്പിലാക്കും എന്നതായിരിക്കണം കേരള നിയമസഭ പ്രതിജ്ഞാബദ്ധമായി എടുക്കേണ്ട നിലപാട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഞാൻ ഒരു ആശങ്ക ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഇതിൽ ഭേദഗതി നമ്പർ 101-ഉം, 116-ഉം സമാനസ്വഭാവത്തിലുള്ളതാണ്. പക്ഷെ ഭേദഗതി നമ്പർ 134 വേറെയാണ്. അത് ആരും അവതരിപ്പിച്ചതല്ല, സമാന സ്വഭാവം ഉള്ളതുമല്ല. ഏതായാലും ഇതൊരു പ്രധാനപ്പെട്ട വിഷയം തന്നെയാണ്. നമ്മുടെ എല്ലാ പഞ്ചായത്തുകളിലും വാർഡുകൾ വിഭജിക്കുക എന്നുപറയുന്നതിനോട് യോജിക്കുന്നില്ല. എന്റെ 134-ാം നമ്പർ ഭേദഗതി അങ്ങേക്കു കൂടി സ്വീകരിക്കാൻ പറ്റുമോ എന്ന് നോക്കുന്നത് നല്ലതാണ്. അതിൽ പറഞ്ഞത് ഏഴോം പഞ്ചായത്തിൽ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ട്. ആ വർദ്ധനവിന് ആനുപാതികമായിട്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയിൽ ഒരു വ്യവസ്ഥ ഒരു ക്ലിപ്ത നിബന്ധന ഇപ്പോൾ നിലവിലുള്ള പ്രധാന ആക്ടിലെ 6(3)-ൽ ഉൾപ്പെടുത്തുന്ന വിധത്തിൽ നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ജനസംഖ്യാ വർദ്ധനവിന് അനുസരിച്ച് വേണം എന്നുള്ളതാണല്ലോ ഈ നിയമ നിർമ്മാണത്തിന്റെ അടിസ്ഥാനം. അപ്പോൾ ആ വർദ്ധനവ് എല്ലാ സ്ഥലത്തും ബാധകമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന രീതിയിൽ അംഗീകരിച്ചു പോയാൽ ഒരു വാർഡിൽ ചില പഞ്ചായത്ത് പരിശോധിച്ചപ്പോൾ 200-300 ജനസംഖ്യ ഉണ്ടാകില്ല. അപ്പോൾ 200 ജനങ്ങൾക്ക് ഒരു മെമ്പർ എന്നവിധത്തിൽ മാറുന്നത് ഒരു അനോമലിയായി വരുന്ന ഒരു സ്ഥിതിയാണ്. അതുകൊണ്ട് വാർഡിന്റെ എണ്ണം കൂട്ടേണ്ട ഒരാവശ്യവുമില്ല. ചില പഞ്ചായത്തിൽ മാക്സിമമാണ്. കൂടിയ ജനസംഖ്യയുള്ള ചില പഞ്ചായത്തിൽ തന്നെ 15 ആകുന്നതിനും കുഴപ്പമില്ല. പത്തിൽ കൂടുതൽ ആക്കിയാൽ ചില പഞ്ചായത്തിനകത്ത് ജനസംഖ്യ എന്നുപറയുന്നത് വളരെ നാമമാത്രമായിട്ടുള്ള വിധത്തിൽ ആയിരിക്കും. അത് വല്ലാത്ത അനോമലിയായിട്ടുള്ള ഒന്നാണ്. ജനസംഖ്യ വർദ്ധിച്ച പഞ്ചായത്തിൽ ബാധകമാകുന്ന വിധത്തിൽ എങ്കിലും ഒരു ക്ലിപ്ത നിബന്ധന കൊണ്ടുവരുന്നത് നന്നായിരിക്കും എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയാൻ കാരണം.

ശ്രീ. മത്തായി ചാക്കോ: സർ, ഈ ബിൽ ദുരുദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണെന്ന് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഏറ്റവും ചുരുങ്ങിയത് ട്രഷറി ബഞ്ചിലുള്ള ധനകാര്യ വകുപ്പുമന്ത്രി എങ്കിലും ഞങ്ങളുടെ നിലപാടിനോട് യോജിക്കേണ്ടതാണ്. 1,58,35,000 രൂപയാണ് ഈ വാർഡ് വിഭജനത്തിന്റെ ഭാഗമായിട്ട് വരുന്ന അധിക വാർഡുകളുടെ തെരഞ്ഞെടുപ്പു ചെലവുകൾക്കായിട്ട് ഇവിടെ കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത്രയും വലിയ തുക പെൻഷൻ കുടിശ്ശിക കൊടുക്കുന്നതിനുവേണ്ടി ഉപയോഗിച്ചുകൂടേ? യഥാർത്ഥത്തിൽ വിഭജിച്ചുവരുമ്പോൾ ഇതിനേക്കാൾ കൂടും എന്നുള്ളത് യാഥാർത്ഥ്യമാണ്. നിലവിലുള്ള സംവിധാനപ്രകാരം വാർഡുകൾ ക്രമീകരിച്ചുള്ള എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിയമസഭാ മണ്ഡലങ്ങൾ പുനഃക്രമീകരിക്കുന്നത് പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ സ്വാഭാവികമായി ഈ ബുദ്ധിമുട്ട് ഉണ്ടാകുന്നതല്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് ജൂലായ് മാസത്തിൽ ഈ തെരഞ്ഞെടുപ്പിനുള്ള വാർഡ് വിഭജിച്ച് പട്ടിക പരിശോധിക്കും എന്നാണ്. അത് അസാദ്ധ്യമാണ്. അതുകഴിഞ്ഞാൽ തന്നെ പരാതികൾ കേൾക്കണം, പരാതികൾ കേട്ടതിനുശേഷം വീണ്ടും ഇത് പരിശോധിക്കണ്ടേ, നോമിനേഷൻ കൊടുത്തിട്ട് ഒരു മാസമെങ്കിലും വേണ്ടേ? ഇതെല്ലാം പ്രായോഗികമായി നടക്കുന്നതാണോ? ഇനി ഡീലിമിറ്റേഷൻ സംബന്ധിച്ച് ഉച്ചകഴിഞ്ഞ് ചർച്ച വരുന്നുണ്ട്. അതിന് സാധാരണ രീതിയിൽ വരുന്ന അപ്പീൽ പ്രൊവിഷനുകൾ ഒന്നും ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. മുൻപുണ്ടായിരുന്ന നിയമത്തിലെ അപ്പീൽ പ്രൊവിഷനുകൾ ഒന്നും ഉൾപ്പെടുത്താത്ത ഒരു സംവിധാനമാണ് വരുന്നത്. അതിനുംകൂടി സമയം കൊടുത്തുകഴിഞ്ഞാൽ ഒരു കാരണവശാലും ഇത് പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതല്ല. അപ്പോൾ തെരഞ്ഞെടുപ്പ് ഉണ്ടാകാൻ ഇടയില്ലാത്ത രൂപത്തിലുള്ള ഉള്ള ഒരു ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഭേദഗതികൾ എല്ലാം പൊതുസ്വഭാവമുള്ളവയാണ്. ഒന്നും എണ്ണി പറയുന്നില്ല. ഇതിൽ ഗവൺമെന്റ് ഇപ്പോൾ ഒരു വാർഡ് മിനിമം, മാക്സിമം തീരുമാനിച്ചിട്ട് എല്ലാ പഞ്ചായത്തുകളിലും കയറി ഇടപെടുന്ന സ്വഭാവത്തിൽ അല്ല. പോപ്പുലേഷൻ കൂടിയിരിക്കുന്നു, പോപ്പുലേഷൻ കൂടിയ സാഹചര്യത്തിൽ ചില വാർഡുകളുടെയൊക്കെ സ്ഥിതി വച്ചുനോക്കുന്ന സമയത്ത് വളരെ അശാസ്ത്രീയമാണ്. മിനിമത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പത്തും, ബ്ലോക്ക് പഞ്ചായത്തിൽ പത്തും, ജില്ലാ പഞ്ചായത്തിൽ പതിനഞ്ചും പ്രശ്നമില്ല. മാക്സിമം എന്നുപറഞ്ഞാൽ എനേബ്ളിംഗ് ആണ്. നിങ്ങൾക്ക് അത്ര വേണമെങ്കിൽ പോകാമെന്നു മാത്രമേയുള്ളൂ. മിനിമത്തിൽ എന്താണ് പ്രോബ്ലം ഉള്ളത്, അത്രയും മിനിമം വേണ്ടാത്ത പഞ്ചായത്തുകൾ ഉണ്ടാകില്ലല്ലോ.

(ബഹളം.....ബഹളം.....)

ശ്രീ. എ. കെ. ബാലൻ: ലളിതമായിട്ട് ഞാൻ പറയാം, നിലവിൽ പതിനായിരം ജനസംഖ്യയുള്ള ഒരു പഞ്ചായത്തിലെ പത്ത് വാർഡ് പതിനയ്യായിരമായി വർദ്ധിച്ചിട്ടുണ്ടെന്ന് വിചാരിക്കുക, മിനിമം പത്ത് വച്ചാൽ നമുക്കും ലാഭമല്ലേ? പത്ത് വച്ചാൽ പോരേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതു നിങ്ങൾ പറഞ്ഞാൽ വാർഡുകൾ തീരെ വർദ്ധിപ്പിക്കാതിരിക്കുന്നത് ലാഭമായിരിക്കും, അത് ശരിയാണ്. പക്ഷെ പോപ്പുലേഷൻ അനുസരിച്ച് ഒരു ലിസ്റ്റ് വേണ്ടേ?

ഡോ. തോമസ് ഐസക്: പതിനായിരം തന്നെ ആയിട്ട് തുടരുന്നു. ഇപ്പോൾ പാസ്സാക്കുന്ന ഭേദഗതി നിയമ പ്രകാരം അവിടെയും രണ്ട് കൂട്ടണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അവിടെയും കൂട്ടുന്നുണ്ട്, ജനസംഖ്യ കൂടിയല്ലോ, ജനസംഖ്യ കൂടുന്നതിനനുസരിച്ചുള്ള മാറ്റം ഉണ്ടാകുമല്ലോ.

ശ്രീ. എം. വി. ജയരാജൻ: കണ്ണൂർ ജില്ലയിൽ ഒരു പഞ്ചായത്തിൽ നിലവിലുള്ള ജനസംഖ്യ കുറഞ്ഞു, ആ സ്ഥലത്ത് എന്തിനാണ് 12 ആക്കി ഉയർത്തുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ അതിന്റെ കാര്യങ്ങൾ വിശദീകരിച്ച് പറഞ്ഞു. ഈ ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 88, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ കെ. പി. മോഹനൻ അവതരിപ്പിച്ച 90, 102, 109, 119, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ 110-ാം നമ്പർ ഭേദഗതിക്കു പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

പ്രതികൂലിക്കുന്നവർ—46

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, ഇ. എം. അഗസ്തി
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, എം. എ. ചന്ദ്രശേഖരൻ
9. ,, ജോർജ് ജെ. മാത്യു
10. ,, വി. ജെ. പൗലോസ്
11. ,, ടി. എൻ. പ്രതാപൻ
12. ,, ജോണി നെല്ലൂർ
13. ,, കെ. സി. ജോസഫ്
14. ,, ജോസഫ് എം. പുതുശ്ശേരി
15. ,, പി. ജെ. ജോയി
16. ,, വർക്കല കഹാർ
17. ,, കെ. എൻ. എ. ഖാദർ
18. ,, കെ. കെ. നായർ
19. ,, ലൂഡി ലൂയിസ്
20. ,, സി. മമ്മൂട്ടി
21. ,, കെ. മുഹമ്മദാലി
22. ,, ഇ. ടി. മുഹമ്മദ് ബഷീർ
23. ,, കെ. മോഹൻ കുമാർ
24. ,, സി. മോയിൻകുട്ടി
25. ,, എം. മുരളി
26. പ്രൊഫ. എ. ഡി. മുസ്തഫ
27. ശ്രീ. കെ. കെ. ഷാജു
28. ശ്രീമതി രാധാ രാഘവൻ
29. ശ്രീ. യു. സി. രാമൻ
30. ,, റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. ടി. പി. എം. സാഹിർ
32. ,, കെ. ശങ്കരനാരായണൻ
33. ശ്രീമതി മാലേത്ത് സരളാദേവി
34. ശ്രീ. വി. ഡി. സതീശൻ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീ. എ. സുജനപാൽ
37. ,, എൻ. സുന്ദരൻ നാടാർ
38. പ്രൊഫ. കെ. വി. തോമസ്
39. ശ്രീ. പി. ടി. തോമസ്
40. ,, തോമസ് ചാഴികാടൻ
41. ,, തോമസ് ഉണ്ണിയാടൻ
42. ,, ഉമേഷ് ചള്ളിയിൽ
43. ,, എം. എ. വാഹീദ്
44. ,, കെ. സി. വേണുഗോപാൽ
45. ,, ബി. വിജയകുമാർ
46. ,, വക്കം പുരുഷോത്തമൻ

അനുകൂലിക്കുന്നവർ—29

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, ബിനോയ് വിശ്വം
7. ,, വി. കെ. ചന്ദ്രൻ
8. ,, വി. പെന്തോമരാക്ഷൻ
9. ,, ടി. കെ. ദേവകുമാർ
10. ,, പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, വി. കെ. സി. മമ്മത് കോയ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, കെ. രാധാകൃഷ്ണൻ
24. ,, കെ. പി. രാജേന്ദ്രൻ
25. ,, രാജു എബ്രഹാം
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
28. ശ്രീ. പി. എസ്. സുപാൽ
29. ഡോ. തോമസ് ഐസക്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—29

പ്രതികൂലിക്കുന്നവർ—46

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

ഭേദഗതി സഭയുടെ അനുമതിയോടുകൂടി നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 97, 125, 130 എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 99, 112, 127, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 100, 132 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 122, 128 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(81) പീഠിക താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"സെൻസസ് റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി പഞ്ചായത്തുകളിലെ നിയോജകമണ്ഡലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ"

87. ഖണ്ഡം 1(2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

എന്തായാലും ഈ പീഠികയിൽ യഥാർത്ഥ ഉദ്ദേശം വ്യക്തമാക്കുന്ന രൂപത്തിൽ തന്നെവേണം. ഈ ഭേദഗതി ബില്ലിൽ ഉള്ളതുപോലെയല്ല അതുകൊണ്ടാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(85) ഖണ്ഡം 1(2)-ൽ "ഉടൻ" എന്നതിനുപകരം "ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇതൊക്കെ വ്യക്തമായി ബില്ലിൽ പറഞ്ഞിട്ടുണ്ട്. 'താഴെപ്പറയുന്ന കാര്യങ്ങൾക്കായി' എന്ന് ആമുഖത്തിൽ പറഞ്ഞാൽ അത് താഴെ വിശദീകരിച്ചിട്ടുണ്ട്. അത് ഇംപ്ലൈഡ് ആണ്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 81, 87 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി)ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് നടത്താൻ പറ്റും. ഈ ഗവൺമെന്റ് സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നില്ല. സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടത്താൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടെങ്കിൽ ഈ ബിൽ ആറ് മാസത്തിനു മുൻപ് കൊണ്ടുവരുമായിരുന്നു. ഇപ്പോൾ ഏറ്റവും ഒടുവിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്ന് സെപ്റ്റംബർ മാസത്തിൽ നടത്തേണ്ട തെരഞ്ഞെടുപ്പ് നടത്താതെ വന്നാൽ ഭരണഘടന അനുസരിച്ച് നിലവിലുള്ള പഞ്ചായത്തുകൾക്ക് പിരിഞ്ഞുപോകേണ്ടിവരും. ഒക്ടോബർ മാസം ഒന്നിന് മുൻപ് പിരിഞ്ഞുപോകണം. അങ്ങനെവന്നാൽ നിലവിലുള്ള എല്ലാ പഞ്ചായത്ത് ബോർഡിന്റെയും അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുക മാത്രമേ പിന്നെ സാധിക്കുകയുള്ളൂ. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് വരെ കേരളത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താതിരിക്കുകയെന്നുള്ള ഗൂഢോദ്ദേശമാണ് ഈ ബില്ലിന്റെ പിന്നിൽ പതിയിരിക്കുന്നത്. അതുകൊണ്ടാണ് ഇവിടെ ഗ്രാമപഞ്ചായത്ത് അംഗസംഖ്യ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നു എന്നുപറഞ്ഞു ഒരു നിയമ ഭേദഗതി കൊണ്ടുവരുന്നതിന് യാതൊരു യുക്തിയും ഇല്ല എന്നുപറഞ്ഞത്. നിലവിലുള്ള നിയമപ്രകാരം തന്നെ വേണമെങ്കിൽ ഇപ്പോൾ ഗവൺമെന്റിന് തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കും, നീട്ടിക്കൊണ്ടു പോകുകയെന്നുള്ളതാണ് പ്രധാന ഉദ്ദേശം. നമ്മുടെ പഞ്ചായത്ത് രാജ് ആക്ടിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുവേണ്ടിയാണ് സംസ്ഥാന ഇലക്ഷൻ കമ്മിഷനെത്തന്നെ രൂപീകരിച്ചിട്ടുള്ളത്. ഭരണപക്ഷം അത് ഇലക്ഷൻ കമ്മിഷനല്ല നടത്തേണ്ടത്, ഗവൺമെന്റ് നടത്താതിരിക്കുമോ എന്നു ചോദിച്ചു. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നാൽ എങ്ങനെ ഇലക്ഷൻ കമ്മിഷന് ഇലക്ഷൻ നടത്തിക്കൊടുക്കാൻ സാധിക്കും? മറ്റൊരു കാര്യംകൂടി എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. ഈ ഗവൺമെന്റ് വാർഡ് വിഭജനം ഇപ്പോൾ യഥാർത്ഥത്തിൽ നടത്തുന്നതിന്റെ ഭാഗമായി ഒരു ഇടപെടൽ നടത്താൻ പോകുകയാണ്. അതിനുവേണ്ടിയാണ് ഇതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചത്. മുൻപ് ഗ്രാമപഞ്ചായത്തിന്റെ നിട്ടേണിങ് ആഫീസർ വരെയുള്ളവരുടെ ചുമതലകൾ ചെയ്യാൻ ഏർപ്പെടുത്തിയിരുന്നത് ബി.ഡി.ഒ.മാരെ ആയിരുന്നു. ഇപ്പോൾ ഏൽപ്പിക്കാൻ പോകുന്നത് പഞ്ചായത്ത് സെക്രട്ടറിമാരെയാണ്. ആ പഞ്ചായത്തിലെ സെക്രട്ടറിക്കുതന്നെ എല്ലാ ചുമതലയും കൊടുക്കാൻ പോകുകയാണ്. ഇത് മാഷ്ട്രീയ ഇടപെടലിനാണ് ഇടയാക്കാൻ പോകുന്നത്. യു.ഡി.എഫിന് അനുകൂലമായ വിധത്തിൽ വാർഡുകൾ വെട്ടിമുറിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ നിരവധി പ്രദേശത്ത് മുൻ ഗവൺമെന്റിന്റെ കാലത്ത് മുനിസിപ്പാലിറ്റിയോട് ചേർത്ത പഞ്ചായത്ത് പ്രദേശങ്ങൾ വേർപെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയോട് ചേർന്ന അരുർ പഞ്ചായത്ത് വേർപെടുത്തുന്നു. തലശ്ശേരിയിൽ ചേർത്തിരിക്കുന്ന കോടിയേരി പ്രദേശം വേർപെടുത്തുന്നു. ഇതിന്റെ ഉദ്ദേശം ഇത്തരത്തിൽ കേന്ദ്രങ്ങൾ മാറ്റുകയെന്നുള്ളതാണ്. കോടതിതന്നെ മാറ്റാൻ പാടില്ലെന്നുപറഞ്ഞിട്ടും മാറ്റുന്നു. അന്ന് ഇതുപോലുള്ള പ്രദേശങ്ങൾ കൂട്ടി ചേർത്തപ്പോഴും പറഞ്ഞത് ഇടതുപക്ഷ മുന്നണിക്ക് ഭരണം പിടിക്കാൻ കൂട്ടിച്ചേർത്തു എന്നാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോടിയേരി പ്രദേശം കൂട്ടിച്ചേർത്തത് പഞ്ചായത്തും മുനിസിപ്പാലിറ്റിയും ഇടതുപക്ഷം ഭരിക്കുന്ന സമയത്താണ്. ഒരു മുനിസിപ്പാലിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചെടുക്കാനല്ല ചേർത്തത് എന്നുള്ളത് കോടതിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കോടതിയെപ്പോലും ധിക്കരിക്കുന്ന വിധത്തിൽ ഈ പ്രദേശങ്ങൾ മാറ്റിയെടുക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനം എടുത്തിരിക്കുന്നതിൽ നിന്നും വ്യക്തമാകുന്നത് മുനിസിപ്പൽ ഭരണം പിടിക്കുക, പഞ്ചായത്ത് ഭരണം പിടിക്കുകയെന്നുള്ള ഒറ്റ ഉദ്ദേശം മാത്രമേ ഈ ഗവൺമെന്റിനുള്ളുവെന്നും പ്രായോഗികമായി കാര്യങ്ങളൊന്നും പരിഗണിക്കാനേ തയ്യാറാകുന്നില്ല എന്നുള്ളതാണ്. മട്ടന്നൂർ മുനിസിപ്പാലിറ്റി പിന്നെ പഞ്ചായത്താക്കി. ഗവൺമെന്റ് മാറ്റിയപ്പോൾ ഹൈക്കോടതി വിധി വന്നിരുന്നു. ഒരിക്കൽ മുനിസിപ്പൽ പ്രദേശമായ പ്രദേശം നിങ്ങൾ വീണ്ടും പഞ്ചായത്താക്കരുതെന്നാണ് ഹൈക്കോടതി വിധി. ആ വിധിയെപ്പോലും മറികടന്നുകൊണ്ടാണ് മുനിസിപ്പാലിറ്റിയായി നിൽക്കുന്ന പ്രദേശങ്ങളെ ഇപ്പോൾ പഞ്ചായത്തുകളാക്കാൻ പോകുന്നത്. ഇതെന്തൊരു ഗവൺമെന്റാണ്. 'മുഹമ്മദ്ബിൻ തുഗ്ലക്കിന്റെ പ്രേതങ്ങളാണ് കേരളത്തെ നയിക്കുന്ന ഈ മന്ത്രിമാർ', ഇങ്ങനെ കുറേ കാര്യങ്ങൾ ഇവിടെ ചെയ്തിട്ട് പഞ്ചായത്ത് ഭരണം എങ്ങനെയെങ്കിലും കൈയേറുകയെന്ന ദുഷ്ടലാക്കാണ് ഈ ബില്ലിന്റെ പിന്നിൽ പതിയിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ തന്നെ ഇതിന്റെ പൂർണ്ണ ചുമതല ഏൽപ്പിച്ചുകൊണ്ട് ഇപ്പോൾ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ ഒരുപക്ഷെ ഈ കാര്യങ്ങളിൽ നിസ്സഹായനായിരിക്കും. അദ്ദേഹത്തിന്റെ ഇരിപ്പുകാണുമ്പോഴേ ഈ കാര്യം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. സാധാരണ ബഹുമാനപ്പെട്ട മുഹമ്മദ് ബഷീറിന് ബിൽ പൈലറ്റ് ചെയ്യുന്ന സമയത്തുള്ള അദ്ദേഹത്തിന്റെ വീര്യവും ഊർജ്ജവും ഇല്ലെന്ന് തോന്നുന്നു. അദ്ദേഹത്തിനുതന്നെ ഈ ബില്ലിനോട് ആത്മാർത്ഥതയില്ലെന്നാണ് തോന്നുന്നത്, എങ്ങനെയോ ലീഗ് തീരുമാനിച്ചു ഈ ബില്ലുമായി വന്നു എന്ന മട്ടിലാണ് അദ്ദേഹം തന്നെ ഇവിടെയിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിനുതന്നെ ഈ കാര്യത്തിൽ ആത്മാർത്ഥതയില്ലെന്നുള്ളതിന്റെ തെളിവാണ് അദ്ദേഹം രാവിലെ മുതലേ ഇതിന് എടുത്തിരുക്കുന്ന സമീപനം വ്യക്തമാക്കുന്നത്.

<u>ശ്രീ. എം. എം. ഹസ്സൻ:</u> ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പതിവുപോലെ ഊർജ്ജസ്വലനല്ലെന്ന് പറഞ്ഞു; അങ്ങ് പതിവിനേക്കാൾ ഊർജ്ജസ്വലനായി സംസാരിക്കുന്നത് മലപ്പുറം സമ്മേളനത്തിന്റെ ഇഫക്ട് കൊണ്ടാണോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> അത്, ശ്രീ എം. എം. ഹസ്സനൊക്കെ പലതും പ്രതീക്ഷിച്ചിരുന്നു എന്നുള്ളതല്ലാതെ ഞങ്ങൾക്ക് എപ്പോഴും ഒരുപോലെയാണ്. ശ്രീ എം. എം. ഹസ്സൻ എണീറ്റപ്പോൾ ഞാൻ വിചാരിച്ചത് ഇതിന്റെ ഒരു ചെറിയ സൂത്രധാരൻ ശ്രീ ഹസ്സനാണെന്നാണ്, അദ്ദേഹത്തിന് ഇതിൽ പങ്കില്ലായെന്ന് ഇപ്പോൾ മനസ്സിലായി. വാർഡ് വിഭജനത്തിനും മറ്റു കാര്യങ്ങൾക്കുംവേണ്ടി കെ.പി.സി.സി. സെൽ ഉണ്ടാക്കിയിട്ടുണ്ട്. ഫിലിപ്പോസ് തോമസ് എന്ന ആളെ അതിൽ നിയമിച്ചിരിക്കുകയാണ്. ഇതിന്റെ ലിസ്റ്റൊക്കെ തയ്യാറാക്കി ഇന്ന പഞ്ചായത്തിന് ഏത് വാർഡ് വേണമെന്നൊക്കെ എഴുതി കൊടുത്തിരിക്കുകയാണ്. ഇന്ന പഞ്ചായത്തിന് ഇത്ര വാർഡ്, ഇന്ന മുനിസിപ്പാലിറ്റിക്ക് ഇത്ര വാർഡ് എന്ന വിധത്തിൽ വാർഡ് വിഭജനം കെ.പി.സി.സി. ആഫീസിൽ തയ്യാറാക്കി മന്ത്രിയെ ഏൽപ്പിച്ചിരിക്കുകയാണ്. അത് അടുത്ത ദിവസം തന്നെ പ്രഖ്യാപിക്കും. അതിനുവേണ്ടി നിയമസഭയുടെ വിലപ്പെട്ട സമയം എന്തിനാണ് നഷ്ടപ്പെടുത്തുന്നത്? ഈ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പാസാക്കിയാൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും വെട്ടിമുറിച്ച് അനധികൃതമായി കാര്യങ്ങൾ നടത്തുന്നതിന് ഈ നിയമസഭ കൂട്ടുനിൽക്കുന്ന സ്ഥിതിയാണ് വരാൻ പോകുന്നത്. അതുകൊണ്ട് ബിൽ നിയമസഭ പാസാക്കാൻ പാടില്ല. ശക്തമായി ഞങ്ങൾ ഈ നിർദ്ദേശത്തെ എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇത്ര ജനദ്രോഹകരമായ ഒരു നയം ചുടപ്പം പോലെ വിറ്റ് പോയാൽ മതിയോ? ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ നിയമം പ്രാബല്യത്തിലായാൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ അസന്തുലിതാവസ്ഥ ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ഏത് നിയമം അനുസരിച്ചായാലും നമുക്കറിയാം, ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കി മാറ്റണമെങ്കിൽ ടൗൺ പഞ്ചായത്താക്കി മാറ്റണം. അങ്ങനെ ഒരു പ്രഖ്യാപനം ഗവണ്മെന്റിൽനിന്നും വന്നിട്ടില്ല. അത് വരാതെ ഇപ്പോൾ മുനിസിപ്പാലിറ്റിയിൽ കിടക്കുന്ന പ്രദേശങ്ങളെടുത്ത് പഞ്ചായത്ത് ആക്കണമെന്ന് നിർബന്ധം പിടിക്കേണ്ട കാര്യമെന്താണ്? തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സമിതികൾ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഭരണത്തിൽ അപാകത ഉണ്ടായിട്ടില്ല. ആർക്കും ദു:ഖം ഉണ്ടായിട്ടില്ല. ഭരിക്കുന്ന ചില കക്ഷികൾ മാത്രം ഒരു നിയമംതന്നെ ഉണ്ടാക്കി ഈ നിലയിൽ പോയത് ശരിയാണോ? പരമോന്നതമായ നിയമനിർമ്മാണ സഭയാണിത്. ഈ സഭയിൽ മാഷ്ട്രിയ ചേരിതിരിവ് ഉണ്ടാക്കി ഈ വിധത്തിൽ കൊണ്ടുവരുന്ന നടപടി ശരിയല്ല. അതുകൊണ്ട് മുസ്ലീം ലീഗിലെ ഏറ്റവും മാന്യനായ വ്യക്തിയെന്ന് ഞങ്ങളൊക്കെ കരുതുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നിയമം പാസ്സാകാതെ നേരത്തെ കൊടുക്കുന്നത് അപലപനീയമാണ്. ഈ ഉദ്യമത്തിൽനിന്നും പിന്മാറണമെന്ന് അഭ്യർത്ഥിക്കുയാണ്.

മി. സ്പീക്കർ: തേഡ് റീഡിംഗിൽ കക്ഷി നേതാക്കളെ മാത്രമേ സംസാരിക്കാൻ അനുവദിക്കാറുള്ളൂ. അത് പ്രത്യേക പ്രീസിഡന്റല്ല.

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റു സുഹൃത്തുക്കൾക്കും തെറ്റിദ്ധാരണയുണ്ടെന്ന് തോന്നുന്നു. വാർഡിന്റെ എണ്ണം പുനർനിർണ്ണയം ചെയ്യുന്നതിന് ചില കാര്യങ്ങൾ ചെയ്തില്ലെങ്കിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ജയിച്ചുവരാൻ പറ്റില്ലെന്ന് നിങ്ങൾക്ക് തെറ്റിദ്ധാരണയുണ്ട്. ഞങ്ങൾ അല്ലെങ്കിൽത്തന്നെ പാട്ടുംപാടി ജയിക്കും. അത് ഞങ്ങളുടെ മുന്നിൽ പ്രശ്നമുള്ള കാര്യമല്ല. ഒരു വിദ്യയും പ്രയോഗിക്കേണ്ട കാര്യമില്ല. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ജനസംഖ്യാനുസൃതമായ വർദ്ധനവിനനുസരിച്ച് ഒരു തീരുമാനം എടുത്തു എന്നുള്ളതല്ലാതെ അതിൽ യാതൊരു ദുരുദ്ദേശ്യവുമില്ല. മുനിസിപ്പാലിറ്റിയുമായി ചേർത്തിട്ടുള്ള ചില പഞ്ചായത്തുകൾ വിഭജിക്കുന്നത് ഇതുമായി ബന്ധമുള്ള കാര്യമല്ല. തിരുവനന്തപുരം കോർപ്പറേഷൻ, തലശ്ശേരി മുനിസിപ്പാലിറ്റി ഇതുപോലുള്ള ഒന്നു രണ്ടു സ്ഥലങ്ങളിൽ നേരത്തെ ജനങ്ങളുടെ നിർദ്ദേശം കിട്ടിയിരുന്നു. മുനിസിപ്പാലിറ്റിയിൽ ചേർത്തതിന്റെ ഫലമായി അവർക്ക് വന്നിട്ടുള്ള അസൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് അതിനെ സംബന്ധിച്ച് ചില ചർച്ചകൾ നടത്തിയത്. അതിൽ ഇനിയും അന്തിമ തീരുമാനം ആയിട്ടില്ല. അത് ഇതുമായി ക്ലബ് ചെയ്യേണ്ട കാര്യമില്ല. അതുകൊണ്ട് ഗവണ്മെന്റിന്റെ ഉദ്ദേശശുദ്ധിയെ തെറ്റിദ്ധരിക്കേണ്ട കാര്യമില്ല എന്ന് ഒരിക്കൽക്കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബിൽപാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2005-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാംഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—52

1. ശ്രീ. ചെർക്കുളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, എൻ. ഡി. അപ്പച്ചൻ
5. ,, ഇ. എം. അഗസ്തി
6. ,, കെ. ബാബു
7. ,, പി. കെ. കെ. ബാവ
8. ,, കെ. എ. ചന്ദ്രൻ
9. ,, എം. എ. ചന്ദ്രശേഖരൻ
10. ,, പി. പി. ജോർജ്
11. ,, ജോർജ് ജെ. മാത്യു
12. ശ്രീമതി കെ. ആർ. ഗൗരിയമ്മ
13. ശ്രീ. എം. എം. ഹസ്സൻ
14. ,, എം. കെ. പോൾസൺ മാസ്റ്റർ
15. ,, വി. ജെ. പൗലോസ്
16. ,, ടി. എൻ. പ്രതാപൻ
17. ,, വക്കം പുരുഷോത്തമൻ
18. ,, ജോണി നെല്ലൂർ
19. ,, കെ. സി. ജോസഫ്
20. ,, ജോസഫ് എം. പുതുശ്ശേരി
21. ,, പി. ജെ. ജോയി
22. ,, വർക്കല കഹാർ
23. ,, കെ. എൻ. എ. ഖാദർ
24. ,, കെ. കെ. നായർ
25. ,, ലൂഡി ലൂയിസ്
26. ,, സി. മമ്മൂട്ടി
27. ,, കെ. മുഹമ്മദാലി
28. ,, ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. കെ. മോഹൻകുമാർ
30. ,, സി. മോയിൻകുട്ടി
31. ,, ആര്യാടൻ മുഹമ്മദ്
32. ,, എഴുകോൺ നാരായണൻ
33. ,, കെ. കെ. ഷാജു
34. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
35. ,, ടി. യു. രാധാകൃഷ്ണൻ
36. ,, യു. സി. രാമൻ
37. ,, റോഷി അഗസ്റ്റിൻ
38. ,, ടി. പി. എം. സാഹിർ
39. ,, എൻ. ശക്തൻ
40. ,, കെ. ശങ്കരനാരായണൻ
41. ശ്രീമതി മാലേത്ത് സരളാദേവി
42. ശ്രീ. വി. ഡി. സതീശൻ
43. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
44. ശ്രീ. എ. സുജനപാൽ
45. ,, എൻ. സുന്ദരൻ നാടാർ
46. ,, പി. ടി. തോമസ്
47. ,, തോമസ് ചാഴികാടൻ
48. ,, തോമസ് ഉണ്ണിയാടൻ
49. ,, ഉമേഷ് ചള്ളിയിൽ
50. ,, എം. എ. വാഹിദ്
51. ,, കെ. സി. വേണുഗോപാൽ
52. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, ബിനോയ് വിശ്വം
7. ,, വി. കെ. ചന്ദ്രൻ
8. ,, വി. ചെന്താമരാക്ഷൻ
9. ,, ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, വി. കെ. സി. മമ്മത് കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, കെ. രാധാകൃഷ്ണൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, കെ. പി. സതീശ് ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

തി. സ്പീക്കർ:

അനുകൂലിക്കുന്നവർ—52

പ്രതികൂലിക്കുന്നവർ—28

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരനടപടികളും

1. 2005-ലെ കേരള ധനവിനിയോഗ ബിൽ
2. 2005-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ
3. 2005-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ
4. 2005-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ
5. 2005-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

LIBRARY ARCHIVES Kerala Legislative Assembly